(ഡി) ചില പദ്ധതികൾക്ക് ഭരണാനുമതി നൽകാനുണ്ടായ താമസവും പ്രതിമാസ സീലിംഗ് ലഭിക്കുന്നതിനുണ്ടായ തടസ്സവും ട്രഷറി നിയന്ത്രണവും കാരണമായിട്ടുണ്ട്.

(ഇ) പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കത്തക്ക വിധത്തിലാണ് പദ്ധതി നടത്തിപ്പുമായി മുന്നോട്ടു പോകുന്നത്.

കാർഷിക മേളകൾ

95 [378] ശ്രീ. ടി. പി. എം. സാഹിർ :

,, കെ. എൻ. എ. ഖാദർ :

,, സി. മോയിൻകുട്ടി :

,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് എത്ര കാർഷിക മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്;

(ബി) ഓരോ ജില്ലയിലും എത്ര വീതം;

(സി) ഇതുകൊണ്ട് എന്തെല്ലാം ഗുണങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്;

(ഡി) മേളകൾ സംഘടിപ്പിക്കുന്നതിന് എന്തു ചെലവായിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന 2002-03 സാമ്പത്തിക വർഷത്തിൽ 8 കിസാൻ മേളകൾ സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് കൃഷി മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നീ വിഷയങ്ങളിൽ 12 സെമിനാറുകളും നടത്തിയിട്ടുണ്ട്.

(ബി)

	ജില്ല	മേള	സെമിനാറുകൾ
1.	തിരുവനന്തപുരം	4	2
2.	എറണാകുളം	2	1
3.	തൃശ്ശൂർ	1	1
4.	കോട്ടയം	1	1

LIBRARY ARCHIVES Kerala Legislative Assembly

	ജില്ല	മേള	സെമിനാറുകൾ
5.	ആലപ്പുഴ	..	1
6.	മലപ്പുറം	..	3
7.	വയനാട്	..	3
		8	12

(സി) കാർഷിക മേഖലയിലെ നൂതനഗവേഷണ പ്രവർത്തനങ്ങൾ കർഷകരിൽ എത്തിക്കുകയും തദ്വാര കാർഷിക മേഖലയ്ക്ക് പുരോഗതി ഉണ്ടാക്കുകയും ചെയ്യുന്നു. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വിഷയത്തിൽ സെമിനാറും കർഷകരുടെ ഉല്പന്നങ്ങളുടെ പ്രദർശനം എന്നിവയും കിസാൻ മേളയിൽ ഉൾപ്പെടും. കർഷകർക്ക് ഇൻഫർമേഷൻ കിറ്റുകളും വിതരണം ചെയ്യുന്നുണ്ട്.

(ഡി) 8 മേളകൾ, 12 സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം ഒരു ലക്ഷം രൂപ ചെലവായിട്ടുണ്ട്.

2002-03, 2003-04 എന്നീ വർഷങ്ങളിൽ ഉണ്ടായ കൃഷിനാശം

96 [379] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-03 വർഷം എത്ര ഏക്കർ ഭൂമിയിലാണ് കൃഷിനാശം ഉണ്ടായത്;

(ബി) ഇതിൽ എത്ര ഏക്കർ ഭൂമിയിലെ എന്ത് തുകയുടെ കൃഷിനാശമാണ് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(സി) 2003-04 സാമ്പത്തിക വർഷത്തിൽ എത്ര ഏക്കർ ഭൂമിയിൽ കൃഷി നാശം ഉണ്ടായിട്ടുണ്ട്; ഇതിൽ എന്ത് തുകയ്ക്കുള്ള നാശനഷ്ടമാണ് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഡി) പ്രസ്തുത കൃഷിനാശവുമായി ബന്ധപ്പെട്ട് എന്ത് തുകയാണ് കൃഷിക്കാർക്ക് നൽകിയിട്ടുള്ളത്;

(ഇ) ഇതിൽ എന്ത് തുക പാലക്കാട് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. വിശദ വിവരം നൽകുമോ?

ഉത്തരം

(എ) 2002-03 വർഷത്തിൽ വരൾച്ചമൂലം സംസ്ഥാനത്ത് 493168 ഏക്കർ ഭൂമിയിൽ കൃഷിനാശം സംഭവിച്ചു.

(ബി) 493168 ഏക്കറിൽ 12183.72 ലക്ഷം രൂപയുടെ കൃഷിനാശം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly